# G H S JAWAHARCOLONY

# LOGON

Password:

**Digital Magazine**

Cancel


Unlock

Login successfully

Options

## LITTLE KITES 2018-19

19—January-2019 Time : 10.10 AM



# LOGON

Digital Magazine 2018-19

G H S JAWAHARCOLONY

Ex colony . P.O , Palode

Phone: 04722876825

Mob:9447905615

Email. jawaharcolonyups@gmail.com

Blog:ghsjawaharcolony.blogspot.com

Website: jawaourschool.yolasite.com

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | ഹെഡ്മാസ്റ്റർ-ശ്രീ.എ.ഷാജഹാൻ | |
| സ്റ്റാഫ് എഡിറ്റർ | ശ്രീജ.എൽ | ഷീജ എൽ എസ് |
| സ്റ്റുഡന്റ് എഡിറ്റർ | അനസ് മുഹമ്മദ് | |
| | അസോസിയേറ്റ് എഡിറ്റർമാർ | |

| | |
|---|---|
| സഹ്റ ഫാത്തിമ | ഗായത്രി എം.ആർ |
| അനസ്.എസ് | അനശ്വര എസ് |
| ഷിബിന.എം | ആഫിയാമുഹബത്ത് |
| | അനന്ദു വി എസ് |

| | |
|---|---|
| മാഗസിൻ കമ്മിറ്റി കൺവീനർ | അതുല്യ എസ് എസ് |
| പ്രസിദ്ധീകരിക്കുന്നത് | ലിറ്റിൽ കൈറ്റിനു വേണ്ടി ചീഫ് എഡിറ്റർ |
| | ഗവ.എച്ച്.എസ്.ജവഹർകോളനി |
| കവർ ഡിസൈനിംഗ് | ആശയം : ലിറ്റിൽ കൈറ്റ്സ് |
| | ഗവ.എച്ച് എസ് ജവഹർകോളനി |




ജവഹർകോളനി ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ക്രിയാത്മകവും സജീവവുമായപ്രവർത്തനങ്ങൾക്കും യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന മാഗസിനുംഎല്ലാവിധആശംസകളും നേരുന്നു

സസ്നേഹം

ഹെഡ്മാസ്റ്റർ

(ഒപ്പ്)


# OUR LITTLE KITES 2018-19











പ്രളയം പെയ്തൊഴിഞ്ഞ ദിനരാത്രങ്ങളിൽ
വീണ്ടും വാക്കുകളുടെ സർഗ്ഗതാളങ്ങൾ
ഉയരുകയായി
ഒത്തൊരുമയോടെ നീട്ടിയ കരങ്ങൾ....
വീണ്ടും അറിവിന്റെ ക്ലിക്കുകളിലേക്ക്....
വാക്കുകളിലൂടെയും വരകളിലൂടെയും
വാർന്നുവീണ
വികാരവിചാരങ്ങൾ..............
ഇവിടെ വെളിച്ചം കാണുന്നു
ഓർമ്മകളുടെ സുഗന്ധവും പേറി
ഒരായിരം അക്ഷരസൗഗന്ധികങ്ങൾ
വിടരുന്നു...
ഇതിന്റെ ഓരോ ദളവും
ശോഭനഭാവിക്കായുള്ള
മംഗളം പാടട്ടേ.............
ഓരോ ക്ലിക്കിലും അക്ഷരസുഗന്ധം
നിറയട്ടെ....
ഒരു പുതിയ പ്രതീക്ഷയുടെ, സ്നേഹത്തിന്റെ,
സൗഹാർദ്ദത്തിന്റെ, ഒത്തൊരുമയുടെ,
പനിനീർപ്പൂക്കൾ ഇതാ
നിങ്ങൾക്കുമുമ്പിൽ..............

**എഡിറ്റർ**

# ഉള്ളടക്കം


| | | |
|---|---|---|
| പൂമ്പാറ്റയോട്.... | കവിത | 9 |
| വിലങ്ങു വയ്ക്കപ്പെട്ട കാലം | കഥ | 10 |
| അമ്മ | കവിത | 11 |
| ഗുരുനാഥൻ | കവിത | 11 |
| അതിരുകൾ കടന്ന് | കഥ | 12 |
| കണ്ണീരും കിനാവും | ലേഖനം | 13 |
| ക്യാമറ ക്യാമ്പിലെ രണ്ടുദിവസം ....... | അനുഭവകഥ | 14 |
| മാതൃസ്നേഹം | കവിത | 15 |
| സൗഹൃദത്തിന്റെ വില | കഥ | 16 |
| മഴ | കവിത | 17 |
| നീലക്കുറിഞ്ഞികൾ വീണ്ടും പൂക്കുമ്പോൾ | ലേഖനം | 18 |
| പ്രളയം പറഞ്ഞത് | കവിത | 19 |
| ഉഷ്ണരാശി വായിച്ചപ്പോൾ | ലേഖനം | 20 |
| പ്രളയം | കവിത | 21 |

# ഉള്ളടക്കം


- Computer And Softwares
- കടുവയെ തിന്നുന്ന മാൻ
- സൗഹൃദം
- Discipline is 100% pure
- *BEST FRIENDS......*
- The role of education in making a good citizen
- സ്വതന്ത്ര സോഫ്റ്റ്വെയർ എന്ന അത്ഭുതലോകം
- FLOW OF LIFE
- മഴച്ചൊല്ലുകൾ
- പ്രവർത്തനറിപ്പോർട്ട്
- ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകളിലൂടെ
- എക്സ്പർട്ട് ക്ലാസ്സുകൾ
- ഫലിതങ്ങൾ

| | |
|---|---|
| | 22 |
| കഥ | 23 |
| കവിത | 24 |
| | 25 |
| Poem | 26 |
| | 27 |
| ലേഖനം | 28 |
| Poem | 29 |
| | 30 |
| | 31 |
| PHOTOS | 33 |
| PHOTOS | 34 |
| Photos | 35 |
| | 37 |

# പൂമ്പാറ്റയോട്....

നീലാകാശത്ത് വാരിവിതറിയ
മഴവില്ലാണോ നീ
വാനിൻത്തുമ്പിൽ തൊട്ടുകളിക്കും
വാർമുകിലാണോ നീ

എൻ ഹൃദയത്തിൽ ഒളിച്ചുകളിച്ച
നിനക്കാരു തന്നീ ഭംഗി
എൻ മനസ്സിൽ ഒളിച്ചുകളിച്ച
നിനക്കാരു തന്നീ ഭംഗി

വർണ്ണം പൂശിയ ചിറകുകളിൽ
മുത്തുകൾപോൽ മിന്നും പുള്ളികളും
നീലവർണ്ണം ചാലിച്ച മിഴികളിൽ
ആഹാ ! കാണാം വർണ്ണ ലോകം

എൻ ഹൃദയം നിന്നിലായി
തുടിക്കുന്ന പൂമ്പാറ്റേ ...
എൻ മൗനം നിന്നിലായി
അലിയുന്ന പൂമ്പാറ്റേ ...



ആമിന.ബി
8 .B





# വിലങ്ങു വയ്ക്കപ്പെട്ട കാലം

നീണ്ട ഗൾഫ് ജീവിതത്തിന്റെ പിടിയിൽ നിന്നും താൽകാലിക സ്വതന്ത്രനായി നജീബ് വിമാനത്താവളത്തിൽ വന്നിറങ്ങി.എയർപോർട്ടിൽ നിന്നും ഏകദേശം പതിനൊന്ന് കിലോമീറ്റർ ദൂരമുണ്ടായിരുന്ന വീട്ടീലേക്ക്. അയാൾ തന്നെ വിളിക്കാനായി തന്റെ വീട്ടിലെ ഏറ്റവും വില കൂടിയ എന്നാൽ വാസ്തവത്തിൽ വില കുറഞ്ഞ ഒരു സ്കൂട്ടറുമായി വരുന്ന അനിയനെ അവിടെയാകെ തിരഞ്ഞു. അവസാനം നോക്കുമ്പോൾ ഒരു പുതിയ മോഡൽ പുത്തൻകാറിലേയ്ക്ക് ചാരി നിൽക്കുന്ന അനിയനെ കണ്ടു. അയാൾ അൽഭുതത്തോടെ അനിയനോട് സംസാരിച്ചുകൊണ്ട് മെല്ലെ ആ കാറിലേയ്ക്ക് കയറി.അനിയൻ കാറോടിക്കുന്നതിനിടയിൽ ഓരോരോ കാര്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു .കാറിനെപ്പറ്റി ഒന്നും ചോദിക്കാൻ നജീബിന് അവസരം ലഭിച്ചില്ല .അവസാനം അയാളുടെ ആഗ്രഹം പോലെ അനിയനും ആ വിഷയത്തിലെത്തി 'ങാ !നമ്മുടെ സ്കൂട്ടർ വിറ്റിട്ടാ ഈ കാർ വാങ്ങിയത് .പലരും പറഞ്ഞു. അത് വിറ്റിട്ട് വേറൊന്ന് വാങ്ങാൻ. മാത്രമല്ല നാടോടുമ്പോൾ നടുവേ ഓടണ്ടേ ?നജീബ് ഒന്ന് മൂളി. പിന്നെ മനസ്സിലോർത്തു വയലിലേക്ക് കൃഷിക്കായി നടന്നു പോകുന്ന എന്റെ ബുദ്ധിമുട്ട് കണ്ട് ഇല്ലാത്ത കാശുകൊണ്ട് അച്ഛൻ വാങ്ങിത്തന്ന ആ സ്കൂട്ടർ നവീനതയുടെ താങ്ങാനാവാത്ത ശരങ്ങളേറ്റ് ബോറായിരിക്കുന്നു. കാലത്തിന്റെ മാറാത്ത അഭിരുചികൾ...

കാർ നീങ്ങികൊണ്ടിരുന്നു .അയാൾ താൻ വിദേശത്തേക്ക് ,അച്ഛന്റെ നിർബന്ധപ്രകാരം പോകുന്നതിനുമുമ്പ് കിളച്ചു വിത്തെറിഞ്ഞ പാടങ്ങൾ നോക്കി .അത്ഭുതം !അയാൾക്ക് അവയൊന്നും അവിടെ കാണാൻ സാധിച്ചില്ല .അവയുടെ സ്ഥാനത്തു വലിയ വലിയ കെട്ടിടങ്ങൾ ,പച്ച നിറഞ്ഞ നെൽപാടത്ത് നിറഞ്ഞു നിൽക്കുന്ന കതിരുകൾ കൊത്തുന്ന കിളികൾക്കുപകരം ഹോട്ടലിന്റെ ദുർഗന്ധം വമിക്കുന്ന ഭക്ഷണാവശിഷ്ടങ്ങൾ നക്കുന്ന തെരുവ് നായകൾ .ഉയർന്നു നിൽക്കുന്ന തെങ്ങുകൾക്കപകരം അതിനേക്കാൾ ഉയർന്ന കെട്ടിടങ്ങളും . അയാളുടെ ഹൃദയം വേദനയുടെ ചോരക്കടലിൽ കര കിട്ടാതെ അലഞ്ഞു. അവസാനം 8 വർഷങ്ങൾ മുൻപേ അവസാനമായി കണ്ട വീട് വീണ്ടും നയനങ്ങൾക്ക് കുളിരേകി .എന്നാൽ ഉമ്മറത്തേക്ക് കയറിയപ്പോൾ വീണ്ടും മനംനൊന്തു.
പുത്തരികഞ്ഞിയുടെയും ചമ്മന്തി യുടെയും മണം ആനന്ദപ്രദമായ നിലയിൽ അലയടിച്ചു കൊണ്ടിരുന്ന ആ വീട്ടിൽ അതിനു പകരം ബ്രെഡിന്റെയും ജാമിന്റെയും മറ്റ് പുത്തൻ ഭക്ഷണങ്ങളുടെയും ഗന്ധം ഹൃദയത്തെ നടുക്കടലിൽ മുക്കി .രാത്രി ഉറങ്ങുന്ന സമയം രാപ്പാടികളുടെ അചഞ്ചലമായ ഈണത്തിനു പകരം ഫാക്ടറികളിൽ മെഷീനുകളുടെ താളമില്ലാത്ത ശബ്ദങ്ങൾ . കാലത്തിന്റെ അംഗീകരിക്കാനാവാത്ത അഭിരുചികൾ ...............





അനസ് മുഹമ്മദ് s.s
9B

# അമ്മ

അമ്മ  നല്ല അമ്മ
എന്റെ  സ്വന്തം അമ്മ
അമ്മയാണ് ജീവൻ
അമ്മയാണ് ദൈവം

അമ്മ നല്ല അമ്മ
എന്റെ സ്വന്തം അമ്മ
ഉമ്മ  തരും അമ്മ
അമ്മ എന്റെ ഭാഗ്യം

മീര .എം.എസ്
5 .ബി

# ഗുരുനാഥൻ



ഭൂമിയിൽ പിറന്ന നിമിഷംമുതൽ
അമ്മയാണെൻ ആദ്യഗുരു
പിന്നെയെൻ അച്ഛനും
ഓരോ തെറ്റുകൾ
ചെയ്തിടുമ്പോൾ നന്മതൻ വഴിയ്ക്കു നയിക്കുന്നവരാണെൻ
ഗുരുനാഥൻ

ആദ്യാക്ഷരം ചൊല്ലി പഠിപ്പിച്ച എൻ
ഏട്ടനും എൻഗുരുനാഥൻ
ഗുരുനാഥനെന്ന വാക്കിന്റെ അർത്ഥവും
ആഴവും പരപ്പും നാം ഇന്നു മനസിലാക്കുമ്പോഴും

പിഞ്ചുബാല്യങ്ങളെ കശക്കിയെറിയുന്ന
ഹേ മർത്യജന്മങ്ങളെ
നിങ്ങളോ .............ഗുരുനാഥർ?

**Abhijith A**
**7B**

മുത്തുകളും വസ്ത്രങ്ങളും വിവിധനിറങ്ങളിലുള്ള നൂലുകളുമെല്ലാം മുറിയിൽചിന്നിച്ചിതറികിടക്കുന്നു.അടുക്കളയിലെ പാത്രങ്ങളുടെ കലപില ശബ്ദങ്ങൾ അസഹ്യമായതോടെ ദേവു പാതിമയക്കത്തിൽ എഴുന്നേറ്റു അമ്മയുടെ അടുത്തേക്ക് നീങ്ങി.എന്നിട്ട് മുറിയുടെ നേരെ വിരൽചൂണ്ടികൊണ്ട് അവൾ ചോദിച്ചു;

'എന്താണമ്മേ,മുറിയലങ്കോലമായിരിക്കുന്നത് ?

'ഇന്നലെ ഒരുപാട് തുണികൾ തയ്ക്കാനുണ്ടായിരുന്നു '.ഇതായിരുന്നു അമ്മയുടെ മറുപടി .

ദേവുവിന്റെ അമ്മ ശോഭ ഒരു തയ്യൽക്കാരിയാണ് .വീട്ടിൽ ദേവുവും അവളുടെ അമ്മയും മാത്രമേ ഉള്ളൂ.ദേവുവിന്റെ അച്ഛൻ അവൾക്ക് ഒരു വയസുമാത്രം പ്രായമുണ്ടായിരുന്ന സമയത്ത് ഒരു വാഹനാപകടത്തിൽ മരണപ്പെട്ടു.എന്നാൽ അച്ഛന്റെ മരണം ശോഭ ഒരിക്കലും ദേവുവിനോട് വെളുപ്പെടുത്തിയിട്ടില്ല.സത്യാവസ്ഥ അറിയാതെ അവൾ അച്ഛന്റെ വരവും പ്രതീക്ഷിച്ചു കാത്തിരിക്കാറുണ്ട്.സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലായിരുന്നു ശോഭ.അടച്ചുറപ്പില്ലാത്ത ഒറ്റമുറിവീട്ടിലായിരുന്നു അവർ താമസിച്ചിരുന്നത് .തുണികൾ തയ്ച്ചുകിട്ടുന്ന പണത്തിലൂടെയാണ് അവർ ജീവിച്ചിരുന്നത്.

ആയിടയ്ക്കാണ് അവർ താമസിക്കുന്ന കോളനിയിലെ പ്രഭാകരേട്ടൻ അയാളുടെ പരിചയത്തിൽ ശോഭയ്ക്ക് ഒരുജോലി സംഘടിപ്പിക്കുന്നത്.ജോലിയെന്ന് പറയുമ്പോൾ ഒരു വലിയ ബംഗ്ലാവിലെ വീട്ടുജോലിക്കാരി.സാമ്പത്തികമായി ശോഭയുടെ അവസ്ഥ വളരെ പരിതാപകരമായതിനാൽ എന്തു മാന്യമായ ജോലി ചെയ്യാനും അവൾ തയ്യാറായിരുന്നു.ഓരോജോലിയ്ക്കും അതിന്റേതായ ബുദ്ധിമുട്ടും മാന്യതയുമെല്ലാം ഉണ്ട് എന്നവൾ വിശ്വസിച്ചിരുന്നു .

ആ വലിയ ബംഗ്ലാവിൽ നാല് അംഗങ്ങളാണ് ഉണ്ടായിരുന്നത്.ഗൃഹനാഥനായ ഗോവിന്ദവർമ്മ ,അയാളുടെ ഭാര്യ മാലിനി വർമ്മ,അവരുടെ മകൾ ദീപാവർമ്മ പിന്നെ ദീപയുടെ വല്യമ്മ .

ശോഭ ജോലിയ്ക്കായി പോകുമ്പോൾ ദേവുവിനെയും കൂടെ കൊണ്ടുപോകുമായിരുന്നു.ദേവുവും ദീപയും ഒരേ പ്രായമാണ്.ദേവു പള്ളിക്കൂടത്തിൽ പോകുന്നുണ്ടായിരുന്നില്ല.ദീപ ദേവുവിനോടായി ചോദിച്ചു,'എന്താ നിന്റെ പേര്?'

'ദേവു' അവൾ മറുപടി പറഞ്ഞു .

'എന്റെ പേര് ദീപാവർമ്മ.'

'ദീപാവർമ്മ 'എന്നുകേട്ടപ്പോൾ ദേവുവിന് എന്തോ അകലം അനുഭവപ്പെടുന്നു.ഇത്രയും വലിയ പേരിനുമുൻപിൽ തന്റെ 'ദേവു' എന്ന ചെറിയ പേര് അവളിൽ ലജ്ജ ഉളവാക്കി.എന്നാൽ അവർ പെട്ടന്ന് തന്നെ ചങ്ങാതിമാരായി.ആ ചങ്ങാത്തം അവളുടെ വല്യമ്മയ്ക്കും അമ്മയ്ക്കും തീരെ ഇഷ്ടപ്പെട്ടിരുന്നില്ല .അവർ സമ്പത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവരെയും വേർതിരിച്ചു കണ്ടിരുന്നു. എന്നാൽ അവരുടെ സൗഹൃദം അതിനും മുകളിലായി വളർന്നുകൊണ്ടിരുന്നു.

ദീപയുടെ പിറന്നാൾ ദിവസം എല്ലാവരും അവൾക്ക് ഒരുപാട് സമ്മാനങ്ങൾ നൽകി .പുതിയ വർണങ്ങളുള്ള വസ്ത്രങ്ങൾ ,വിലകൂടിയ മാലകൾ

# അതിരുകൾ കടന്ന് ..........

എന്നാൽ,അവൾ കാത്തിരുന്നത് ദേവുവിന്റെ സമ്മാനത്തെ ആയിരുന്നു.ദേവു വളപ്പൊട്ടുകൾ വിളക്കിച്ചേർത്ത്, അഗ്രങ്ങളിൽ രണ്ട് റിബണുംകെട്ടി ഒരു മാലയുണ്ടാക്കി. .ദേവു നൽകിയ ആ സമ്മാനം ദീപയ്ക്ക് വളരെ വിലപ്പെട്ടതായിരുന്നു.വിലകൂടിയ മാലകൾ ഉപേക്ഷിച്ച് ദീപ പിറന്നാൾ ആഘോഷത്തിന് ദേവു നൽകിയ മാല അണിഞ്ഞു.ഇതു കൂടി കണ്ടപ്പോൾ മാലിനിയും വല്യമ്മയും കുപിതരാവുകയും മകളെ നിലയ്ക്കുനിർത്താൻ ശോഭയോട് ആവശ്യപ്പെടുകയും ചെയ്തു.

അന്ന് ശോഭ ദേവുവിനോട് സമ്പന്നരും പാവപ്പെട്ടവരും തമ്മിലുള്ള അന്തരത്തെപ്പറ്റി വിവരിച്ചുകൊടുത്തു.എന്നിട്ട് ഇനി ദീപയുമായുള്ള ചങ്ങാത്തം അവസാനിപ്പിക്കണമെന്നും പറഞ്ഞു.പക്ഷെ ആ കുഞ്ഞു മനസിന് ദീപയോടുള്ള സ്നേഹം മാത്രമായിരുന്നു .അതിനിടയിൽ വേറൊന്നും അവൾക്കു മനസിലായില്ല.വീണ്ടും അവർ മുൻപുള്ളതിനേക്കാൾ ശക്തമായ സൗഹൃദത്തിലേക്ക് നീങ്ങിക്കൊണ്ടിരുന്നു.ഇവരുടെ സൗഹൃദം ഉറച്ചതോടെ വല്യമ്മ ശോഭയെ ജോലിയിൽനിന്നും പറഞ്ഞയച്ചു.ദേവുവും ശോഭയും തിരികെ വീട്ടിലേക്കുപോയി.വൈകിയിട്ടും ദേവുവിനെ കാണാതെ ദീപ മുൻവശത്തെ വാതിലിൽ കാത്തുനിന്നു.

അമ്മയുടെ വരുമാനം നഷ്ടപ്പെട്ടതറിയാതെ കോളനിയിൽ ദേവുവും ആരെയൊക്കെയോ കാത്തിരിക്കുന്നു. .........

'അമ്മേ നമ്മൾ ദീപയുടെ വീട്ടിലേയ്ക്ക് പോകുന്നില്ലേ?'ദേവു ചോദിച്ചു.

'ഇനി ഒരിക്കലും അവിടേയ്ക്ക് പോകേണ്ടതില്ല.''അമ്മ മറുപടി പറഞ്ഞു .

'അപ്പോൾ ദീപയെ എങ്ങനെ കാണും?'ദേവു വീണ്ടും അമ്മയോടായി ചോദിച്ചു.'അമ്മ ഒന്നും പറഞ്ഞില്ല.

'അപ്പോൾ അച്ഛൻ എന്ന് വരുമമ്മേ '.'അമ്മ നിശബ്ദയായി.

'എന്താ അമ്മേ ഞാൻ സ്നേഹിക്കുന്നവരെല്ലാം എന്നെ പിരിയുന്നത്?'ദേവു ചോദിച്ചു.

'അമ്മ വാത്സല്യാധിക്യത്തോടെ ദേവുവിനെ പുണർന്നു .അവർ ഒറ്റപെടുത്തലിന്റെയും കുറ്റപ്പെടുത്തലിന്റേയും വേദനയിൽ പരസ്പരം ആശ്ലേഷിയ്ക്കുകയും കണ്ണീർവാർക്കുകയും ചെയ്തു.അവരുടെ കണ്ണീർ ധാര ധാരയായി ഒഴുകിക്കൊണ്ടിരുന്നു.ഇനിയും വരാത്ത ഒരു അതിഥിയ്ക്കുവേണ്ടിയാണോ അവർ വേദനിക്കുന്നത്? അറിയില്ല ..........

അഭിനന്ദ . എ.ബി
10a



# കണ്ണീരും കിനാവും

മലയാളത്തിലെ ഏറ്റവും മികച്ച ആത്മകഥകളിൽ ഒന്നാണ് വി . ടി ഭട്ടതിരിപ്പാടിന്റെ 'കണ്ണീരും കിനാവും '. ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിലെ നമ്പൂതിരി സമുദായത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തിവാണിരുന്നു. അയിത്തം,തൊട്ടുകൂടായ്മ,തീണ്ടിക്കൂടായ്മ തുടങ്ങിയ മനുഷ്യത്വമില്ലാത്ത ആചാരങ്ങളിൽപ്പെട്ടു നമ്പൂതിരി സമുദായത്തിൽ ജീവിതം ദുരിതപൂർണ്ണമായിത്തീരുകയായിരുന്നു . ഐശ്വര്യപൂർണ്ണമായ ഒരു ജീവിതത്തെക്കുറിച്ചുള്ള കിനാവ് വി.ടി യ്ക്ക് ഉണ്ടായിരുന്നു.

ആ സമൂഹത്തിനു വേണ്ടിയാണ് അദ്ദേഹം കഥകളും ലേഖനങ്ങളും നാടകവുമൊക്കെ എഴുതിയത്.അദ്ദേഹത്തിന്റെ ചിന്താഗൗരവം നിറഞ്ഞു ആത്മകഥയാണ് 'കണ്ണീരും കിനാവും' .അദ്ദേഹത്തിന്റെ കിനാവ് ലക്ഷ്യംപ്രാപിച്ചെങ്കിലുംസ്വന്തം ജീവിതത്തിൽ നിരവധി വേദനകൾ അനുഭവിക്കേണ്ടി വന്നതിന്റെ കഥയാണ് വി.ടിയുടെ ആത്മകഥ .അതുകൊണ്ടുതന്നെ 'കണ്ണീരും കിനാവും ' എന്ന അതിന്റെ തലക്കെട്ട് ഉചിതപൂർണമാണ് .

മേഴത്തൂരിൽ 1888ലാണ് വി ടി ജനിച്ചത്. തുപ്പൻ ഭട്ടതിരിപ്പാടും ശ്രീദേവി അന്തർജനവുമാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ .വി.ടി ക്കെയ്ക്ക് വേദം ചൊല്ലാനുള്ള വിദ്യാഭ്യാസം മാത്രമാണ് ബാല്യത്തിൽ ലഭിച്ചത്.യൗവനത്തിൽ എത്തീട്ടും വായിക്കുവാൻ പോലും കഴിയുന്നില്ല എന്ന ദുഃഖകരമായ സത്യം അദ്ദേഹത്തെ ഞെട്ടിപ്പിച്ചു .അതിന്റെ ഫലമായി ഒരുപെൺകുട്ടിയിൽ നിന്ന് അക്ഷരം പഠിച്ചതും,'മാൻമാർക്ക് കുട 'എന്ന് ആദ്യമായി അക്ഷരം കൂട്ടിവായിച്ചപ്പോൾ ആഹ്ലാദിച്ചതും വിവരിക്കുന്ന ഭാഗങ്ങൾ ആത്മകഥയിലെ ഹൃദ്യമായ ഭാഗങ്ങളാണ്.ഗാന്ധിജിയുടെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് കോൺഗ്രസുകാരനായി കുറേനാൾ ജനസേവനം നടത്തി. പിന്നീട് കാലത്തിനൊത്ത് സമുദായത്തെ പരിഷ്കരിക്കണമെന്ന താത്പര്യത്തോടെ യോഗക്ഷേമസഭയിൽ ചേർന്നു.'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ' എന്ന നാടകം മലയാള നാടക ചരിത്രത്തിലെ വഴിത്തിരിവായിരുന്നു.മലയാളത്തിലെ സാമൂഹ്യപ്രാധാന്യമുള്ള ആത്മകഥകളിൽ ഒന്നാണിത്.സത്യസന്ധമായി അവതരിപ്പിക്കുന്ന ആത്മകഥയെന്ന പ്രാധാന്യംകൂടി ഈ ആത്മകഥയ്ക്കുണ്ട്.

ഹനഫാത്തിമ

9B



# ക്യാമറ ക്യാമ്പിലെ രണ്ടുദിവസം .......

പറഞ്ഞ സമയത്തേക്കാളേറെ വൈകിയെങ്കിലും ഞാനവിടെ എത്തുമ്പോഴേക്കും ക്ലാസ് തുടങ്ങിയതേയുള്ളുവായിരുന്നു . ക്രിസ്തുമസ് വെക്കേഷന് നടന്ന ലിറ്റിൽ കെയ്റ്റിന്റെ രണ്ടാം തവണ ക്യാമ്പിന് പങ്കെടുക്കാൻ വേണ്ടിയായിരുന്നു ഞാൻ കല്ലറ സ്കൂളിൽ എത്തിയത് .അന്ന് അവിടെ നടന്ന ക്ലാസ് ക്യാമറയെ പരിചയപ്പെടുത്തുന്നതായിരുന്നു. ടീച്ചർ വന്ന് രണ്ടുദിവസത്തെ ക്യാമ്പെന്നു പറഞ്ഞപ്പോൾ തന്നെ എനിക്ക് സന്തോഷം പഠിക്കാം എന്നതിലുപരി രണ്ടു ദിവസം ലാപ്ടോപ്പും ക്യാമറയും കൊണ്ട് വിലസാമെന്നായിരുന്നു .ക്യാമറ ജീവിതത്തിൽ തൊട്ടിട്ടുപോലുമില്ലാത്തവന് ലിറ്റിൽ കൈറ്റ് ഒരുക്കിത്തന്ന ഈ സൗകര്യത്തിൽ അതിരറ്റ സന്തോഷവാനായിരുന്നു ഞാൻ. എന്നാൽ എന്നെ ഏല്പിച്ച വില പിടിച്ച വസ്തുക്കളിൽ എനിക്കുള്ള ഉത്തരവാദിത്തം ഓർക്കുമ്പോൾ അധികം സന്തോഷം വേണ്ടെന്ന് ഞാൻ ഓർക്കുകയും ചെയ്തു .

എന്നാൽ ഞാൻ പ്രതീക്ഷിച്ചതിനെക്കാളേറെ സൗഹൃദവും സന്തോഷവും എനിക്ക് ആ ക്യാമ്പിൽ നിന്ന് ലഭിച്ചു. മറ്റു പഠനക്യാമ്പുകൾ പോലെ അടച്ചിട്ടുപഠിപ്പിക്കുന്ന രീതിയായിരുന്നില്ല ക്യാമറ ക്യാമ്പിലേത് .നേരത്തെ പറഞ്ഞതുപോലെ ക്യാമറ ഒന്ന് തൊട്ടിട്ടുപോലുമില്ലാത്ത എനിക്ക് ഒരു ക്യാമറ ഇത്രയേറെ കാര്യങ്ങൾ അടങ്ങിയതാണെന്നത് വിസ്മയിപ്പിക്കുന്ന അറിവായിരുന്നു .ഫോക്കസ് ചെയ്യാനും ബ്രൈറ്റ്നസ്സും ക്ലിയർ നസ്സും ആക്കാനും വിവിധ തരത്തിലുള്ള മോഡുകളിലായി ഒരു ഫോട്ടോ തന്നെ പലതരത്തിൽ എടുക്കുന്ന രീതിയും എല്ലാം ഞാൻ വളരെയധികം ആസ്വദിച്ചു .ഞങ്ങളുടെ ക്യാമ്പ് മാസ്റ്റർമാർ ഞങ്ങളെ ക്ലാസ്സിന്റെ മൂന്നിലൊന്നു സമയം വീഡിയോ എഡിറ്റിംഗിനെപ്പറ്റിയും ക്യാമറയുടെ ഉപയോഗരീതിയെക്കുറിച്ചുള്ള നിർദേശങ്ങൾ തരുകയും അതൊഴിച്ചുള്ള സമയം ഞങ്ങൾക്കിഷ്ടപെട്ട വാർത്തകൾ ഉണ്ടാക്കാനായി അയക്കുകയും ചെയ്തു .കല്ലറ സ്കൂളിന്റെ മനോഹരമായ പ്രകൃതി ഞങ്ങളുടെ ക്യാമറ കാഴ്ചകൾക്ക് മിഴിവേകി.

ഞാനും എന്റെ സഹപാഠികളും സുഹൃത്തുക്കളുമായ അനന്ദു ,മുഹമ്മദ് അൽഷെഫിൻ എന്നിവരുമാണ് ലിറ്റിൽ കെയ്റ്റിന്റെ പ്രതിനിധികളായി കല്ലറ സ്കൂളിലേക്ക് പോയത് .മറ്റു സ്കൂളിലെ കൂട്ടുകാരുമായി ഉണ്ടായ പുതിയ സൗഹൃദങ്ങൾ ,ഞങ്ങൾക്കായി രണ്ടു ദിവസം സമയം മാറ്റിവച്ച രണ്ടു അധ്യാപകരുമായി ഉണ്ടായ ഗുരുശിഷ്യബന്ധത്തിലുപരിയായ ആദര സൗഹൃദം എന്നിവ പഠനത്തോടൊപ്പം ഞങ്ങൾക്ക് കിട്ടിയ' ഗ്രേസ്മാർക്കുകളാണ്'. എണ്ണമറ്റ അറിവുകളാണ് ലിറ്റിൽ കെയ്റ്റ്സ് ഞങ്ങൾക്ക് നല്കികൊണ്ടിരിക്കുന്നത് .വില പിടിച്ച വസ്തുക്കൾ ഞങ്ങളുടെ പഠനത്തിനായി നൽകിയ കേരളസർക്കാരിന്റെ സേവനത്തിനും ഞങ്ങളെ പഠിപ്പിക്കാനായി സമയം ചെലവഴിക്കുന്ന അധ്യാപകർക്കും ,അവരുടെ ഈ സേവനങ്ങൾക്കു പകരമായി ഒരു പരിപൂർണ്ണ ഐ .ടി വിദഗ്ദ്ധതലമുറയെ ഞാൻ ഈ കുറിപ്പിലൂടെ മുന്നിൽ കാണുന്നു .തലേന്ന് രാവിലെ കണ്ട അപരിചിതരായ കുട്ടികളെല്ലാം രണ്ടുദിവസം കൊണ്ട് നല്ല സുഹൃത്തുക്കളായി മാറിയിരുന്നു. ക്യാമ്പിനുശേഷം ബസ്സ്റ്റാന്റിലേക്കു നടക്കുമ്പോഴും എന്റെ ചിന്ത 'ക്യാമറ 'മാത്രമായിരുന്നു

**അനസ്സ് മുഹമ്മദ് s.s**

**9B**

# മാതൃസ്നേഹം

അമ്മയാം നന്മയെ എത്രകാലം
സ്നേഹിച്ചാലാണെനിക്ക് മതിവരുക
അമ്മയെൻ ജീവിതത്താളുകളിൽ
നക്ഷത്രപ്പൂമൊട്ട് വിരിയിച്ചല്ലോ
അമ്മതൻ ശാസനകൾ എനിക്കെന്നും
അമൃതുപോൽ മാധുര്യമുള്ളവയല്ലോ
അമ്മതൻ സ്പർശനം എപ്പോഴും
ദുഖങ്ങളിൽ നിന്നെന്നെ കര കേറ്റുന്നു
അമ്മപോൽ മാധുര്യമൂറുന്ന വാക്ക്
വേറെ ഈ ലോകത്തെങ്ങുമില്ല
സ്നേഹവും കരുതലും ആവോളം
തന്നെന്നെ പരിപാലിച്ചൂട്ടിടുന്നു
അമ്മതൻ കാൽക്കൽ വീണു നമസ്ക
രിച്ചെന്നും വണങ്ങീടാൻ തോന്നിടുന്നു
'അമ്മ ചൊല്ലിയ വഴിയേ ഞാൻ നടന്നു
വിജയത്തിളക്കം നേടി വന്നു
നേർവഴികാട്ടും എൻ പൊന്നമ്മയെ
എത്ര സ്നേഹിച്ചാലാണെനിക്ക് മതിവരുക





ജോമോൾ .സി .ചാക്കോ

8b

# സൗഹൃദത്തിന്റെ വില

മനുഷ്യ ബന്ധങ്ങൾ പോലെയല്ല ,മൃഗങ്ങളും പക്ഷികളും മറ്റു ജീവജാലങ്ങളും തമ്മിൽ . അവർക്കുമനുഷ്യരെക്കാളും സൗഹൃദബന്ധമുണ്ട് .ഇവരുടെ എല്ലാമെല്ലാം അവരുടെ കാടു തന്നെ .നമുക്ക് ആ കാടിനെ സൗഹൃദക്കാടെന്നു വിളിക്കാം .സൗഹൃദകാട്ടിലെ എല്ലാവരും സൗഹൃദത്തോടുകൂടിയാണ് അവിടെജീവിച്ചിരുന്നത് .കാട്ടിലെ അവകാശികൾ മനുഷ്യരല്ല കാടിന്റെ മക്കളായ മൃഗങ്ങളും പക്ഷികളുമാണ്. ആ സൗഹൃദക്കാടിന്റെ മനോഹാരിത തന്നെ പക്ഷിമൃഗാദികളാണ് .

സൂര്യൻ മലയിടകളിലൂടെ തലപൊക്കിത്തുടങ്ങി .വെളിച്ചം എങ്ങും പരന്നു . പലതരത്തിലുള്ള ഗീതങ്ങൾ കേട്ടുതുടങ്ങി . പുഴകളുടെ മധുരമായ കളകള നാദം കാട്ടിൽ മുഴങ്ങി.

സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും നാളുകൾ കടന്നുപൊയ്ക്കൊണ്ടേയിരുന്നു .പെട്ടെന്ന് ഒരുദിവസം സൂര്യൻ ഓടിമറഞ്ഞു. കാടുമുഴുവൻ ഇരുട്ടിലാഴ്ന്നു . നേരം പുലരുംമുൻപേ തന്നെ അവർ വന്നു.ദുഷ്ടരായ ആ മനുഷ്യർ.മൃഗങ്ങൾ ഉറങ്ങുന്ന സമയം നോക്കിയാണ് അവരുടെ വരവ് .എന്തെന്നാൽ പ്രകാശം പരന്നു കഴിഞ്ഞാൽ മൃഗങ്ങളുടെ ആക്രമണത്തിന് സാധ്യതയുണ്ടെന്ന് അവർക്കറിയാമായിരുന്നു.

സൗഹൃദക്കാട്ടിലെ തലവനും മുതിർന്നയാളുമായ മൂങ്ങ മുത്തപ്പൻ ഈ അക്രമികൾ വരുന്നതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.മനുഷ്യരുടെ ദുഷ്പ്രവർത്തികൾ മനസിലാക്കി ആ വിവരം മൃഗങ്ങളോട് മുത്തപ്പൻ അറിയിച്ചു.ഈ മുന്നറിയിപ്പ് അറിഞ്ഞതോടെ സൗഹൃദക്കാട്ടിലെ കൂട്ടുകാർ എല്ലാവരും ഒത്തുകൂടി ,ആ ഭീകരരെ വകവരുത്താൻ തീരുമാനിച്ചു.ഇവരെ ഈ കാടു കടത്തിയതിനുശേഷം അവിടെ ആരും പിന്നെ വരരുതെന്നായിരുന്നു അവരുടെ തീരുമാനം .

കാടിനെ രക്ഷിക്കാൻ ഓരോരുത്തരും ഓരോ ചുമതല ഏറ്റെടുത്തു. മിന്നാമിന്നിക്കൂട്ടങ്ങൾ വെളിച്ചം നൽകാനും മനുഷ്യരെ ആക്രമിക്കാൻ സിംഹം, കടുവ, ആന തുടങ്ങിയ മൃഗങ്ങളും സഹായിച്ചു.അവസാനം മൃഗങ്ങൾ ആ ഉദ്യമത്തിൽ വിജയിച്ചു.എന്നാൽ അതിനുമുൻപുതന്നെ അവർ ആ കാടിനു തീ കൊളുത്തിയിരുന്നു.

മൃഗങ്ങൾ തീ കെടുത്താനായി കിങ്ങിണി പുഴയെ ആശ്രയിച്ചു. എല്ലാവർക്കും കഴിയുന്ന വിധത്തിൽ തീയണയ്ക്കാൻ ശ്രമിച്ചു.പൂർണമായി തീ കെടുത്താൻ അവർക്കു സാധിച്ചില്ല.അവർ പ്രകൃതിദേവിയെ ആശ്രയിച്ചു.പ്രകൃതീദേവി ഇതെല്ലാം നേരത്തെ മനസിലാക്കിയിരുന്നു.പ്രകൃതീദേവി മഴയുടെ രൂപത്തിൽ വന്ന് ആ കാടിനെ കാട്ടുതീയിൽനിന്ന് രക്ഷിച്ചു.

പിന്നെയുള്ള നാളുകളിൽ അവരെല്ലാം സ്നേഹത്തോടും സൗഹൃദത്തോടുംകൂടി അവിടെ ജീവിച്ചു.

ഗുണപാഠം : സൗഹൃദമെന്നത് ജീവിതത്തിൻെറ ഏറ്റവും വലിയ മൂല്യഘടകമാണ്.

ഗായത്രിനായർ . എസ്

8 B



# മഴ

ചറ പറ ചറ പറ മഴ പെയ്തു◌ു
ചറ പറ ചറ പറ മഴ പെയ്തു
പാടവരമ്പിൽ തവളകൾ വട്ടം കൂടിയിരുന്നല്ലോ
പാറി നടക്കും പക്ഷിക്കൂട്ടം കൂടാരത്തിൽ വന്നല്ലോ
എന്തൊരുല്ലാസം മഴ പെയ്തപ്പോൾ
തവളകൾ ചൊല്ലി പെക്രോം, പെക്രോം
പക്ഷികൾ പാടി കിയോം, കിയോം
മയിലുകൾ നർത്തനമാടുന്നു
കിണറുകളിലെല്ലാം വെള്ളം നിറഞ്ഞു
തോടുകളിലെല്ലാം വെള്ളം നിറഞ്ഞു
വീട്ടിലിരിക്കും കുട്ടികളെല്ലാം തോട്ടിൽ കളിക്കാൻ
വന്നിറങ്ങി
എന്തൊരുല്ലാസം മഴപെയ്തപ്പോൾ
ചറ പറ ചറ പറ മഴപെയ്തു
ചറ പറ ചറ പറ മഴപെയ്തു



ഗോവിന്ദ്
5B

# നീലക്കുറിഞ്ഞികൾ വീണ്ടും പൂക്കുമ്പോൾ

പശ്ചിമഘട്ടത്തിന്റെ ചിരിയാണ് .12 വർഷം കൂടുമ്പോഴുള്ള നീലക്കുറിഞ്ഞിയുടെ പൂവിടൽ . ഇത്തവണത്തെ ചിരിക്ക് ഒരുപാട് പ്രത്യേകതകളുണ്ട്. പ്രളയവും പേമാരിയും സങ്കടങ്ങൾ കോരിച്ചൊരിഞ്ഞിട്ടും കുറിഞ്ഞിക്കാലം ഇതൾവിടർത്തി . പക്ഷെ പതിവുപോലെയല്ല , നിറഞ്ഞു പൂക്കുന്ന രാജമലയിൽ പേരിന് ചില ചെറുപുഞ്ചിരികൾമാത്രം . 12 വർഷം കൂടുമ്പോൾ വരുന്ന ഈ വിരുന്നുകാരെ വേണ്ടവിധത്തിൽ വിടർന്നുചിരിക്കാൻ മഴ അനുവദിച്ചില്ല . കാലാവസ്ഥാവ്യതിയാനങ്ങൾ പശ്ചിമഘട്ടത്തിന്റെ ജൈവഘടികാരം പതുക്കെ മാറ്റുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

രാജമലയുടെ ഒരുഭാഗമായ കൊളുക്കുമലയുടെ അങ്ങേച്ചെരുവിലാണ് നീലക്കുറിഞ്ഞികൾ കൂട്ടമായിച്ചിരിക്കുന്നത്. തമിഴിൽ കൊളുക്ക് എന്നാൽ തണുപ്പ് എന്നാണ്. എപ്പോഴും തണുപ്പിൽ മരവിച്ചിരിക്കുന്ന മല അങ്ങനെ കൊളുക്കുമലയായി. മൂന്നാറിന്റേതെന്ന് ഭംഗിക്ക് പറയാമെങ്കിലും കൊളുക്കുമല തമിഴന്റെ അധികാര പരിധിയിലാണ്. പക്ഷെ മലയിലേക്ക് കേരളത്തിലൂടെ മാത്രമേ വഴിയുള്ളൂ. കൊളുക്കുമലയിൽനിൽക്കുമ്പോൾ തമിഴ്നാട്ടിൽ ഉദിച്ചസൂര്യൻ കേരളത്തിൽ അസ്തമിക്കുന്നത് കാണാം.

ആദ്യനോട്ടത്തിൽത്തന്നെ കണ്ണുകളിൽ നീലനിറയുന്നു. പേമാരിയിൽ മിഴികൂമ്പിനിന്ന നീലക്കുറിഞ്ഞികൾ ഇതളാഴിച്ചിരിക്കുന്നു. ഇലയുടെ പച്ചപ്പിനെയാകെ മൂടി പൂക്കൾപടർന്നിരിക്കുന്ന്നു. ഒന്ന് വാടിത്തീരുന്നതിനുമുമ്പ് അടുത്ത വിരിയുന്നു. ഓരോകുറിഞ്ഞിയുടെയും 12 വർഷത്തിനിടയിലെ ആദ്യത്തെയും അവസാനത്തെയും ചിരിയാണിത്. ചിരിച്ചുകൊണ്ട് മരണത്തെ പുൽകുന്ന ചെടി ജീവിതത്തിൽ ഒരിക്കൽ മാത്രം പൂവിട്ട് അടുത്തതലമുറക്കായി വിത്തിട്ടുനശിക്കുന്ന അപൂർവ്വം ചെടിച്ചെടികളിലോൺ. പൂവ് കായായും കായ് വിത്തായും പരിണമിച്ച് വീണ്ടും മുളച്ച് പൂവിടാൻ ഒരു വ്യാഴവട്ടം . 12 വർഷത്തെ ഈ ചെടിയുടെ ഓർമശക്തിയെ കണ്ടെടുക്കാൻ ശാസ്ത്രലോകത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. സർവവുംതകർത്തെറിഞ്ഞ പ്രളയത്തിനു ശേഷവും ആ ഓർമ നീലക്കുറിഞ്ഞി മറന്നിട്ടില്ല. പന്ത്രണ്ടുവർഷത്തെ ജൈവഘടികാരത്തിൽ ഇനിയുമുണ്ടാകുമോ കണ്ണുകളിൽ നീലനിറക്കുന്നൊരു കുറിഞ്ഞിക്കാലം. പശ്ചിമഘട്ടത്തിന്റെ അടുത്ത ചിരി എന്നാകും....? കുറിഞ്ഞിയുടെ ഓർമ ശക്തി ഇതുപോലെതന്നെ എല്ലാകാലവും നിലനിൽക്കുമോ....?

വിജീഷ്മ വി ആർ 9B

# പ്രളയം പറഞ്ഞതു്

വസന്തവും ഗ്രീഷ്മവും താണ്ടികടന്നെത്തും
വർഷകാലത്തിന് നനുത്ത ദിനങ്ങളിൽ
കടലിന്റെ മീതെ ന്യൂനമർദങ്ങളാൽ
കരിവേഷം പൂണ്ടിട്ടും മേഘങ്ങളെമ്പാടും
കരുണയില്ലാതെ താണ്ഡവമാടുമ്പോൾ
കലിതുള്ളി പേമാരി ആർത്തിടുമ്പോൾ
വഴിയറിയാതെ പാഞ്ഞണയും പുഴകൾ
കരകളിൽ പ്രളയത്തെ പെറ്റിടുന്നു
ഉരുൾ പൊട്ടി മാമലകൾ ഇടിനാദമോടെ
ഉയിരുകൾ കവർന്നൊഴുകുന്നു .
പകലെന്നുമിരവെന്നും ഭേദമില്ലാതെ
മുഴങ്ങുന്നു മർത്ത്യന്റെ വിലാപനാദങ്ങൾ
ഇതുപ്രളയം .
അപ്രതീക്ഷിതമസാധാരണം
ചൊല്ലുന്നു മന്ദമായി ബോധമണ്ഡലങ്ങൾ .
ഓർക്കുക നന്മത് ലംഘനത്താലെ
സകലർക്കുമായി വന്ന ജീവനാംശം,

അറിയുക നമ്മെ ഇഷ്ടങ്ങൾ തന്നെന്നും
സ്നേഹിച്ച സ്രഷ്ടാവിൽ ദ്രഷ്ടികോപം .
ഉള്ളതെല്ലാമുലകിൽ നല്ലതാക്കി ദൈവം
സമ്പൂർണനാക്കി വാഴിച്ച നാളിൽ
ഏകമനുഷ്യന്റെ അനുസരണക്കേടിൽ
പിന്തുടരുന്നു പാപപ്പിശാചിന്റെ തന്ത്രം
നിഴലായി ജീവിത ക്രമങ്ങളായേവരും
പാപത്തെതന്നെ സ്വയംവരിച്ചിടുന്നു
നേരില്ല നെറിയില്ല ദൈവേഷ്ടമറിയില്ല
ലോകത്തെ വിരൽത്തുമ്പിലൊതുക്കുമീക്കാലം
അറിയുക നാമിന്നു നമ്മെത്തന്നെ ഓരോ
നിമിഷവും ചെയ്യും ക്രിയകളൊക്കെയും
ഓർത്തിടാം ദൈവത്തെയൊരു നിമിഷം
സ്നേഹിച്ചിടാം പ്രകൃതിയെ നന്മയാലെന്നും

ബി.രാജേന്ദ്രൻ

അധ്യാപകൻ

# ക്ളാസ്സ്റൂം തമാശകൾ

ടീച്ചർ: ആർക്കൊക്കെയാണ് നേരെ സ്വർഗ്ഗത്തിൽ പോകാനിഷ്ടം
ഒരു കുട്ടി ഒഴികെ എല്ലാവരും കൈ പൊക്കി
ടീച്ചർ :കുട്ടിയോട് മോനെന്താ സ്വർഗ്ഗത്തിൽ പോവണ്ടേ
കുട്ടി :സ്കൂൾ വിട്ടാലുടനേ വീട്ടിൽ വരണമെന്നാ മമ്മി പറഞ്ഞിരിക്കുന്നത്

# ഉഷ്ണരാശി വായിച്ചപ്പോൾ

2018 ലെ വയലാർ അവാർഡ് നേടിയ കൃതിയാണ് കെ.വി മോഹൻകുമാറിന്റെ ഉഷ്ണരാശി പുന്നപ്ര വയലാർ  സമരത്തെ ആസ്പദമാക്കി രചിച്ച ഈ കൃതി ആലപ്പുഴ എന്ന ദേശത്തിന്റെ കഥ കൂടിയാണ് .മലയാളിയായ സഖാവ് സത്യദാസിന്റെയും ബംഗാളി എഴുത്തുകാരി സ്നേഹലത ചാറ്റർജി യുടെയും മകൾ അപരാചിത അച്ഛന്റെ മരണശേഷം കൂട്ടുകാരി ദിശയോടൊപ്പം സ്വയം വേരുകൾ തേടി പുന്നപ്രയിലെത്തുന്നു .ഈ നാടിന്റെ സമരചരിത്രത്തിന്റെ ഇതിഹാസം "കരപ്പുറത്തിന്റെ ഇതിഹാസം "എന്ന പേരിൽ എഴുതുന്നതുമാണ് നോവലിന്റെ പ്രമേയം നോവലിലെ നായികമാരായ ദിശയും അപരാചിതയും ഈ കാലഘട്ടത്തിന്റെ പ്രധിനിധികളാണ് .അവർ ദില്ലിയിലെ ഒരു സർവകലാശാലയിൽ നിന്ന്  ഇവിടെ വന്ന് പുന്നപ്രവയലാർസമരത്തിന്റെ വേരുകൾ തേടുകയാണ് .അവരുടെ അന്വേഷണങ്ങളിലൂടെ ഐതിഹാസികമായ ആ ചരിത്ര കാലഘട്ടം അനാവരണം ചെയ്യപ്പെടുകയാണ് .അമ്മയാണ് ആദ്യമായി വയലാർ സമരത്തെ പറ്റി പറഞ്ഞുതന്നത് എന്ന് എഴുത്തുകാരൻ പറയുന്നു. ബലികുടീരങ്ങളുടെ ഇതിഹാസ ഭൂമിയെ സമകാല ലോകത്തിന്റെ കാഴ്ചപ്പാടിലൂടെ കണ്ടെത്തുന്ന വ്യത്യസ്ഥവും ഭദ്രവുമായ ആഖ്യാനമാണ് ഉഷ്ണരാശിയുടേത് .എണ്ണമറ്റ കഥാപാത്രങ്ങളിലൂടെ ഒരു ദേശത്തെയും കാലത്തെയും വീണ്ടെടുക്കുക എന്ന മഹനീയ ദൗത്യവും ഈ നോവൽ നിർവഹിക്കുന്നു .

തുലാമഴ പെയ്യാത്തതിന്റെ ആശങ്കയിലാണ് ഉഷ്ണരാശിയിലെ പോരാട്ടചരിത്രം തുടങ്ങുന്നത് .മറ്റൊരു തുലാമഴക്ക് മലയാളി കാത്തിരിക്കേ ഉഷ്ണരാശിയെത്തേടി വയലർപുരസ്കാരമെത്തി കാലം കാത്തുവച്ച സമ്മാനം .പുന്നപ്രവയലാറിന്റെ ചരിത്രം പറഞ്ഞ പുസ്തകത്തിനുതന്നെ വയലർപുരസ്കാരം ലഭിച്ചത് ചരിത്രത്തിന്റെ പലതരത്തിലുള്ള ഓർമ്മപ്പെടുത്തൽ കൂടിയാകാം .കുട്ടനാടിന്റെ കഥകൾ തകഴി എഴുതിയതുപോലെ ,കൂടല്ലൂർ എംടിക്ക് എങ്ങനെയോ അതുപോലെ ,മുകുന്ദൻ പറഞ്ഞ മന്ത്രികകഥകൾ പോലെയാണ് കെ.വി പുന്നപ്രസമരചരിത്രത്തിലേക്ക് വായനക്കാരെ കൊണ്ടുപോകുന്നത്   കരപ്പുറത്തിന്റെ അറിയാ കഥകൾ

തനിക്കു പറഞ്ഞുതന്ന ഒത്തിരിപ്പേരെ അദ്ദേഹം സ്മരിക്കുന്നുണ്ട് .പലകാലങ്ങളിലായി പി.കൃഷ്ണപിള്ളയും ഇ.എം .എസ്സും എ .കെ .ജിയും കെ.ദാമോദരനും ടി.വി .തോമസും ആർ .സുഗതനും വി.എസ് അച്യുതാനന്ദനും ഉൾപ്പെടെ നൂറുകണക്കിന് സമരനായകന്മാർ ഈ നോവലിലുടനീളം കഥാപാത്രങ്ങളാകുന്നുണ്ട് ഇങ്ങനെ സ്മരണകളുടെ ഇതിഹാസമായി ഉഷ്ണരാശി മാറുന്നു.

ശ്രീജ എൽ
അധ്യാപിക

# പ്രളയം

അലതല്ലി അലറിവരുമീ തിരമാലപോൽ
അലമുറയിട്ടു കൊണ്ടെത്തുന്നു പേമാരി
വീട്ടിന്റെ പടികളോരോന്നുമോടിക്കയറി
എത്തിടുന്നു വെള്ളപ്പാച്ചിൽ..................

അമ്മമാർ,കുഞ്ഞുങ്ങൾ പ്രായങ്ങളില്ലാതെ
ജീവരക്ഷയ്ക്കായി പാഞ്ഞിടുന്നു.
പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന്റെ
ഇരട്ടിയായ് പ്രതിഫലം കിട്ടിടുന്നൂ

ആറുകൾ,തോടുകൾ,പുഴകളെല്ലാം
കരയേതെന്നറിയാതെ ഒഴുകിടുന്നൂ
ആധുനിക ലോകത്തിനടയാളമായുള്ള
ഫ്ലാറ്റുകൾ വെള്ളത്തിനടിയിലല്ലോ.



എന്തൊരു ദുർവിധി ലോകനാഥാ,
ഇത് എന്തൊരു ദുർവിധി
ലോകനാഥാ......

കാർത്തിക.എസ്സ് .10A

# Computer And Softwares

Charles Babbage, an English mechanical engineer and polymath, originated concept of a computer. Considered as the "father of the computer", he invented the first mechanical computer in early 19th century. The first ever computer was invented in 1820. The first electronic digital computer were developed between 1940 and 1945 in the US and in UK. They were originally the size of a large room, and also need to supply a large amount of power.

Software is the part of a computer that consist of information (encoded) or computer instructions, hardware from which the system is built computer software from which the system is built computes software include computer programmes libraries and related non-data, such as online documents or digital media .It is often divide into system software and application software . When software is stored in hardware that cannot easily modified, it is sometimes called 'firmware'

Generally speaking computers, can be classified into three generation lasted for a certain period of time, and each gave us either a new and improvement to the existing computer. As a result of the various improvement to the development of the computer we have seen that computer being used in all areas of life .It is very useful to that will continue to experience new development as time passes

By,

Sahra Fathima.M 1X B

# കടുവയെ തിന്നുന്ന മാൻ

ഇളം പുല്ലു തിന്നുകയായിരുന്നു ബിമ്മിമാനും കുഞ്ഞുങ്ങളും .പെട്ടന്ന് മഴ വന്നു. പെരുമഴ.അവർ അടുത്തുകണ്ട ഗുഹയിലേക്ക് ഓടിക്കയറി.പുറത്ത് എന്തോ ശബ്ദംകേട്ട് ബിമ്മിമാൻ ഞെട്ടിയുണർന്നു.ഗുഹയിൽനിന്ന് പുറത്തേക്ക് നോക്കി.ദൂരെനിന്നു ഒരു കടുവച്ചാർ വരുന്നത് കണ്ടു.അയ്യോ, അതിങ്ങോട്ടാണല്ലോ വരുന്നത്.എന്റെയും കുഞ്ഞുങ്ങളുടെയും കഥ കഴിഞ്ഞതുതന്നെ.അവൾക്ക് ഒരു സൂത്രം തോന്നി.ഉറങ്ങിക്കിടക്കുന്ന കുഞ്ഞുങ്ങളെ കൊമ്പുകൊണ്ട് മെല്ലെ കുത്തി.കുഞ്ഞുങ്ങൾ ഉറക്കെ കരഞ്ഞു."മിണ്ടാതെ ഉറങ്ങിക്കോ ..............ഇന്നലെയല്ലേ ഒരുകടുവയെ തിന്നത്.ഇന്നും ഞാൻ എവിടെന്നാ പിടിച്ചുതരിക?"

ബിമ്മിമാൻ ഗുഹയിൽനിന്ന് ഉറക്കെ പറഞ്ഞു.ഇതുകേൾക്കേണ്ട താമസം ,കടുവച്ചാർ ഓടെടാഓട്ടം."ഹോ .....രക്ഷപ്പെട്ടു . ബിമ്മി പറഞ്ഞു.മരണപ്പാച്ചിൽപാഞ്ഞ കടുവച്ചർ എത്തിപ്പെട്ടത് ജിങ്കൻ കുറുക്കന്റെ മുന്നിലാണ്."എങ്ങോട്ടാ കടുവച്ചാരെ ഓടുന്നത് ?"ജിങ്കൻ ചോദിച്ചു."എന്റെ ഗുഹയിൽ ആരോകയറിക്കൂടിയിട്ടുണ്ട് .കടുവ യെ തിന്നുന്ന ഏതോ ഭീകര ജീവി"."കടുവയെ തിന്നുന്ന ജീവിയോ? നിന്നെ ആരെങ്കിലും പറ്റിച്ചതായിരിക്കും.നീ വാ ,നമുക്ക് പോയി നോക്കാം.?""ഞാൻ ഇല്ല എനിക്ക് പേടിയാ."കടുവച്ചാർ വിറച്ചുകൊണ്ട് പറഞ്ഞു ."നിനക്ക് പേടിയുണ്ടെങ്കിൽ നമുക്ക് വാലുകൾ തമ്മിൽ കൂട്ടികെട്ടാം ".ജിങ്കൻ പറഞ്ഞു.വാലും കെട്ടിയുള്ള അവരുടെ വരവ് ദൂരെ നിന്നെ ബിമ്മി കണ്ടു . ഇത്തവണ പെട്ടതുതന്നെ .അവൾ വരുന്നത് വരട്ടെ എന്ന് കരുതി പറഞ്ഞു ."എന്താ കുറുക്കച്ചാ വൈകിയത് കുഞ്ഞുങ്ങൾ വിശന്നു ചാകാറായി.""എടാ കള്ളക്കുറുക്കാ ,നീ എന്നെ വഞ്ചിയ്ക്കുകയായിരുന്നുവല്ലേ".

ഇത്രയും പറഞ്ഞുകൊണ്ട് കടുവാച്ചർ തിരിഞ്ഞ് ഒറ്റയോട്ടം.വാൽ കൂട്ടിക്കെട്ടിയിരിക്കുകയല്ലേ .പിന്ന ത്തെക്കാര്യം പറയണോ ?.



**റസിയ ആർ ആർ**
**5 ബി**

# സൗഹൃദം

അഞ്ചുപേർചേരുമീ ജീവിതകലാലയം
വർണ്ണമായി പാറുമീ പൂമ്പാറ്റകൾ
തേനോലും സൗന്ദര്യമേറിയിവർ ഇന്നു
സ്നേഹമാം പുഞ്ചിരി തൂകിടുന്നു
സ്ഫുരിക്കുമീ ജീവിതകലാലയത്തിൽ അഞ്ച്
വർണ്ണമായി തിളങ്ങുമീ താരകങ്ങൾ
അഞ്ചുപേർചേരുമീ ജീവിതനൗകയിൽ
ഞാനെന്നഭാവം മറന്നിടുന്നു
സൗഹൃദം സ്നേഹമായി,സാന്ത്വനമായി
തുണയായി മാറുന്നി കലാലയത്തിൽ
സൗഹൃദത്താൽ മാലകോർത്തിടുന്നു ഇവർ
ഒരു മുത്തുപോൽ സൗവർണ്ണ സുന്ദരമായ്

അതുല്യ എസ് എസ് 9B

# ക്ളാസ്സ്റൂം തമാശകൾ

ടീച്ചർ : എന്താ രാമു തലയിൽ ഒരു മുറിവ്
കുട്ടി : അമ്മ ഒരു പൂവ് എറിഞ്ഞതാ

ടീച്ചർ : പൂവെറിഞ്ഞാൽ മുറിയുമോ
കുട്ടി :പൂവിനൊപ്പം പൂച്ചട്ടിയുമുണ്ടായിരുന്നു

# Discipline is 100% pure

Because,

D: It is the $4^{th}$ letter of Alphabet.

I: It is the $9^{th}$ letter of Alphabet.

S: It is the $19^{th}$ letter of Alphabet.

C: It is the $3^{rd}$ letter of Alphabet.

I: It is the $9^{th}$ letter of Alphabet.

P: It is the $16^{th}$ letter of Alphabet.

L: It is the $12^{th}$ letter of Alphabet.

I: It is the $9^{th}$ letter of Alphabet.

N: It is the $14^{th}$ letter of Alphabet.

E: It is the $5^{th}$ letter of Alphabet.

When we added these numbers,we get 100

checking: 4+9+19+3+9+16+12+9+14+5=100

Yes,Discipline is 100% pure

Gayathri MR 9B

## *BEST FRIENDS......*

*Best friends treasure your friendship*
*There are one of a kind*
*Like precious gems,they are*
*Rare to get*
*Each are special,they are*
*One in a million*
*Friendship is something*
*Easy to break*
*But it is something*
*Hand to make*
*They are filled with*
*Love and care*
*They are spend time*
*With as for happiness*
*Keep all your friends close to*
*Your heart and wind.*
*So never will you be apart.*

*Gayathri mr*
*9B*



## ക്ളാസ്സ്റൂം തമാശകൾ

ടീച്ചർ : ആറ് ഫലവൃക്ഷങ്ങളുടെ പേര് പറയൂ
കുട്ടി : മാവ് കശുമാവ് അരിമാവ് ഗോതമ്പ് മാവ് ആട്ടമാവ് മൈദാമാവ്

# The role of education in making a good citizen

The purpose of education is to equip children for life. There fore it is important to choose a system of education valuable to society. Education plays an important role in the life of a nation. The character of a nation depends on to a large extent on the quality of education provided . During the British rule,education was not encouraged because, education brings enlightenment and enlightenment brings spirit of freedom and dangers to foreign domination .The only education that they encouraged was the bookish education which produced clerks and assistants to help the foreign rules in their day to day administration but today all have realised that education is not a process of imparting lifeless information of students. Children have the potentialities to act,to think and feel. So the task of education is to draw out these powers.

" Learning gives creativity,
creativity leads to thinking ,
thinking provides knowledge,
knowledge makes you great "

In the past, the system of education was to produce clerks and assistant to help the foreigners in their administration .It employed

large number of officers , policemen of the lower cadres to do petty jobs. According to the constitution of free India ,people must be given due to opert unities of good life .They must be given education ,good living ,good food , freedom of thought and freedom of religion .Hence it is very important to choose a system of education which will enable children to lead a good life.

In education sports and games are also given importance sports and game give people mental and physical health. Taking part in games helps people to have discipline .It also helps them to learn the need of co-operation and team-work .Mahatma Gandhi wanted the educational system to be broad and transformed in such a way that every institution was a nerve centre of living an effective living.

Education must be for the children's development of the physical, intellectual and emotional potentialities. Education should enable people to do job suitable to their brain and ability .The education must be a harmonious development of physical,the intellectual and emotional capacities of children .The education must bring an all around development of young men and woman and to fulfil their genuine aspirations.

Aliyasiraj 10B

# സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്ന അത്ഭുതലോകം

സ്വതന്ത്രമായിഉപയോഗിക്കാനും പഠിക്കാനും അതിൽ മാറ്റം വരുത്താനും തടസ്സങ്ങളില്ലാതെ ആവശ്യമുള്ള പകർപ്പുകൾ എടുക്കാനും സാധിക്കുന്ന സോഫ്ത്വാറുകളാണ്

സ്വതന്ത്രസോഫ്ട്വെയറുകൾ . സോഫ്ത്വാറുകൾ സൗജന്യമായി ലഭ്യമാക്കുകയാണെങ്കിൽ പോലും അവ യഥേഷ്ടം ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം അവയുടെ ലൈസൻസ് വ്യവസ്ഥകളിൽ അനുവദിക്കുന്നില്ല കേരളത്തിൽ ഒന്ന് മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിൽ പൂർണമായും സ്വതന്ത്ര സോഫ്ട്വെയറുകളാണ് ഉപയോഗിക്കുന്നത് .കൈറ്റിന്റെ നേതൃത്വത്തിലുള്ള ഈ പ്രവർത്തനം ലോകത്തിലെ തന്നെ ഏറ്റവും വലിയ വിദ്യാഭ്യാസമേഖലയിലെ സ്വതന്ത്രസോഫ്ട്വെയർ വിന്യാസമായാണ് പരിഗണിക്കുന്നത്

1983 ൽ റിച്ചാർഡ് സ്റ്റാൾമാൻ ആണ് സ്വതന്ത്രസോഫ്ട്വെയറുകൾ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് .1985 ൽ ഫ്രീസോഫ്ട്വെയർ ഫൗണ്ടേഷൻ ആരംഭിച്ചു .1998 മുതൽ പല പേരിലും സ്വതന്ത്രസോഫ്ട്വെയർ അറിയപ്പെടുന്നു അതിൽ ഏറ്റവും പ്രചാരത്തിലുള്ളവയാണ് foss (free and open source software )floss (free libre and open source software ) എന്നിവ .സ്വതന്ത്രസോഫ്ട്വെയർ സ്വാതന്ത്ര്യങ്ങൾ പരിരക്ഷിക്കാനും ശക്തിപ്പെടുത്താനുമായി 2005 ൽ "software freedom law centre പ്രവർത്തനം തുടങ്ങി ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി വിന്യസിക്കുന്ന 60250 ലാപ്ടോപ്കളിൽ പൂർണമായും സ്വതന്ത്ര സോഫ്ട്വെയർ പ്രയോജനപ്പെടുത്തുന്നത് കൊണ്ടുമാത്രം 900 കോടി രൂപയുടെ ലാഭം സർക്കാർ ഖജനാവിൽ ഉണ്ടാക്കി എന്നാണ് കണക്ക് .

2008 മാർച്ചിൽ കേരളത്തിലെ 8 ,9 ,10 ക്ലാസ്സുകളിൽ 15 ലക്ഷത്തോളം കുട്ടികൾ ഒരേ സമയം സ്വതന്ത്രസോഫ്റ്റ്വെയർഉപയോഗിച്ച ഐ.ടി പ്രയോഗികപരീക്ഷ എഴുതിയപ്പോളത് ലോകത്തിൽത്തന്നെ ഒരേസമയത്തുള്ള ഏറ്റവും വലിയ സ്വതന്ത്ര സോഫ്റ്റ് വെയർ പ്രയോഗമായിചരിത്രത്തിൽ ഇടം നേടി കേരളത്തിലെ അഞ്ചരലക്ഷത്തോളം വരുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളവിവരങ്ങൾ തയാറാക്കുന്ന സ്പാർക്ക് സോഫ്റ്റെവെയർ സ്വതന്ത്ര സോഫ്റ്റെവെരെ പ്ലാറ്റ്ഫോമിലെക്ക് മാറിയത് മറ്റൊരു സംഭവമാണ്

സ്വതന്ത്രസോഫ്റ്റ് വെയർ എന്നത് സൗജന്യമാണെന്ന തെറ്റിദ്ധാരണ വച്ചുപുലർത്തുന്നവർ നമ്മുക്കിടയിലുണ്ട്.'Free means not free beer but freedom' എന്നാണ് സ്വതന്ത്രസോഫ്റ്റ് വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ റിച്ചാർഡ് സ്റ്റാൾമാൻ തന്നെ വിശേഷിപ്പിക്കുന്നത്.അതോടൊപ്പം ഇതിലെ സാമ്പത്തികവശം നാം ഒരിക്കലും അവഗണിച്ചുകൂടാതാനും. 2009ൽ കേന്ദ്രാവിഷ്കൃതപദ്ധതിയായ ഐ.സി.ടി സ്കീമിന്റെ ഭാഗമായി സ്കൂളുകളിൽ കൈറ്റ് സ്ഥാപിച്ച കമ്പ്യൂട്ടറുകളിൽഉടമസ്ഥാവകാശമുള്ള സോഫ്ട്വെയറുകൾ ഉപയോഗിച്ചിരുന്നെങ്കിൽ ഓപ്പറേറ്റിങ്ങ് സിസ്ററം, ഓഫീസ്, മൾട്ടീമീഡിയ പാക്കേജുകൾ,വിദ്യാഭ്യാസ സോഫ്ട്വെയറുകൾ എന്നിവയ്ക് ഒരു മെഷീന് ചുരുങ്ങിയത് അൻപതിനായിരത്തോളം രൂപ അധികചെലവ് വരുമായിരുന്നു. അതായത് ഐ.സി.ടി സ്കീമിൽ സ്വതന്ത്രസോഫ്റ്റ് വെയർ ഉപയോഗിച്ചതുമൂലം കേരളത്തിന് ഏകദേശം അൻപതുകോടിരൂപ അധികമായി കണ്ടെത്താൻ കഴിഞ്ഞു. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി വിന്യസിക്കുന്ന 60250 ലാപ്ടോപ്കളിൽ പൂർണമായും സ്വതന്ത്ര സോഫ്ട്വെയർ പ്രയോജനപ്പെടുത്തുന്നത് കൊണ്ടുമാത്രം 900 കോടി രൂപയുടെ ലാഭം സർക്കാർ ഖജനാവിൽ ഉണ്ടാക്കി എന്നാണ് കണക്ക് .

അനസ് s

9B

# FLOW OF LIFE



Life its self like a spontenious flow
The flow  unexpectations  happiness grieve etc.
Some times itself a misterious  glow.
It make fun to all human beings.

Life it self like a relation,
Between the rain and the earth.
Rain is for the fields and valley.
Life not only for human but also for all
living and non living things.....
life itself like a loftiness.
Birth and happiness are one past of life.
Death and grieve are other pasts...
All are the play of that person.
Who coordinating all things in the universe...

Some times we think god is mad.
But other words the truth is that
He try to teach us the
Magic of world-the slice of life.

In front of him we are only
The infinitesimal worm...
Our birth is from the wisdom,
The wisdom of God...

Actually our death is under
The creative wisdom of the almighty God.
Birth, childhood, adult then,
Towards the wings of death...

Some times in exam halls or violent fires
otherwise in between dad and mom.
Or in front of creator

All are the pasts of life, life itself....

Life is not a effervesce of happiness...
It is not a reduce spring.
Frowning and deficiency in it...
Some times vendettas.

A good life is a completion
Of under standing the miseries
Not only our own but also others.
Try to be a gratified person,
Try solve the problems it can...
It is the great honorary assistance.

It is the completion of life
Acceptation of our grief.
And others sorrow are parts of it.
Like a mother understanding their child...

Or a pearl in the oyster.
The counting of the times-
That how many times we solve their problems.
Yes and how many times we save a life etc.

The sum of these are
help the God to count the years
How many years a man live in the earth and
How many years he enjoy the life.

**Athulya Gayathri  10B**

# മഴച്ചൊല്ലുകൾ

- ആയിരം വേനലിന് അര മഴ
- ഇടവപ്പാതി കഴിഞ്ഞാൽ ഇടവഴിയിലും വെള്ളം
- കാലത്തു വന്ന മഴയും അന്തിക്ക് വന്ന വിരുന്നും
- ചിങ്ങമഴ ചിരിച്ചും കരഞ്ഞും
- തിരുവാതിര മഴയിൽ തിരുമുറ്റത്തു തുപ്പാം
- കന്നി മഴയിൽ കുന്നോളം
- മീനത്തിലെ മഴക്ക് മീനിനും ഇരയില്ല
- കാർത്തിക കഴിഞ്ഞാൽ കുട വേണ്ട
- തിരുവാതിരയിൽ തിരുമുറിയാതെ
- മകയിരത്തിൽ മതിമറന്ന് മഴ
- മഴ വീണാൽ സഹിക്കാം മാനം വീണാലോ
- ഇടവത്തിൽ പാതി വർഷം
- മഴയില്ലെങ്കിൽ പെരുവഴി



റുബീന 8A

# ക്ളാസ്സ്‌റൂം തമാശകൾ

ടീച്ചർ :ശ്രീകൃഷ്ണൻ നബി യേശുക്രിസ്തു ഇവർക്കെല്ലാം ഉള്ള ഒരു പ്രത്യേകത പറയൂ

കുട്ടി : ഇവരെല്ലാം ജനിച്ചത് അവധിദിവസത്തിലാണ് ടീച്ചർ


# പ്രവർത്തനറിപ്പോർട്ട്

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളസർക്കാരിന്റെ ആഭിമുഖ്യത്തിൽ കൈറ്റ് ആവിഷ്കരിച്ച ഐ .ടി ക്ലബ്ബാണ് ലിറ്റിൽകൈറ്റ്സ്. വിദ്യാഭാസത്തിൽ വിവരസാങ്കേതികവിദ്യയുടെ പ്രാധാന്യം വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ലിറ്റിൽകൈറ്റ്സ് കൂട്ടായ്മക്ക് വളരെയേറെ പ്രസക്തിയുണ്ട് നമ്മുടെ സ്കൂളിലും ലിറ്റിൽ കൈറ്റ്സിന്റെ ഒരു യൂണിറ്റ് ആരംഭിക്കുകയും അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ 34 കുട്ടികളെ ലിറ്റിൽ കൈറ്റ്സിലേയ്ക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. കുട്ടികൾ വളരെ താല്പര്യത്തോട് കൂടിയാണ് ക്ലബ്ബിൽ അംഗങ്ങളായത്. തുടർന്ന് കൈറ്റ് മാസ്റ്റർമാരായി ശ്രീജ. എൽ, ഷീജ എൽ എസ് എന്നീ അദ്ധ്യാപകരെ തെരഞ്ഞെടുത്തു. കൈറ്റ് മാസ്റ്റർമാർക്ക് ജൂൺ മാസത്തിൽ പരിശീലനം നൽകുകയും അതനുസരിച്ചു മൊഡ്യൂൾ പ്രകാരം എല്ലാ ബുധനാഴ്ചകളിലും ക്ലാസ് നടക്കുകയും ചെയ്തു .മിടുക്കരായ ഞങ്ങളുടെ കുട്ടികളിൽ നിന്ന് മികച്ച പ്രതികരണമാണ് ഞങ്ങ® ക്ക് ലഭിച്ചത്

animation ,scratch ,mobileapp malayalamcomputing എന്നിങ്ങനെ വ്യത്യസ്ഥമായ മേഖലകൾ കുട്ടികൾ പരിചയപെട്ടു .ഓഗസ്റ്റ് മാസത്തിൽ സ്കൂൾതലത്തിൽ ഒരു ക്യാമ്പ് നടത്തുകയും അതിൽ നിന്നും എട്ടു കുട്ടികളെ സബ്ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു .നാലു പേർ അനിമേഷനും നാലുപേർ പ്രോഗ്രാമിങ്ങിനുമായിരുന്നു തെരഞ്ഞെടുത്തത് സബ്ജില്ലാതലത്തിൽ നല്ല പ്രകടനമാണ് ഞങ്ങളുടെ ലിറ്റിൽകൈറ്റ്സ് കാഴ്ച വച്ചത് .സ്കൂൾതലത്തിൽ എക്സ്പെർട് ക്ലാസുകൾ സംഘടിപ്പിക്കുകയും നമ്മുടെ സ്കൂളിലെ ഐ .ടി എക്സ്പെർട്ടായ നസീം സർ ക്ലാസുകൾ നയിക്കുകയും ചെയ്തു .

സ്കൂളിന് സ്വന്തമായി ഒരു DSLR ക്യാമറ ലഭിക്കുകയും അതിന്റെ പരിശീലനം ഞങ്ങളുടെ മൂന്ന് കുട്ടികൾക്ക് ലഭിക്കുകയും ചെയ്തു .അവർ ക്യാമറ കൈകാര്യം ചെയ്യാനുള്ള കഴിവ് നേടുകയും അതോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് അവർ നേതൃത്വം നൽകുകയും ചെയ്തുവരുന്നു .ഒരു പരിപൂർണ ഐ .ടി.വിദഗ്ധ തലമുറക്കായുള്ള ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു






















# ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകളിലൂടെ
























# എക്സ്പർട്ട് ക്ലാസ്സുകൾ




Trash
Network
Computer

# Ctrl Keyboard Shortcuts

WORD/WRITER

| Keys | Function |
|---|---|
| CTRL + A | All Selection |
| CTRL + B | Text Bold |
| CTRL + C | Copy |
| CTRL + D | Open the font dialogue box |
| Ctrl E | Centre Text |
| CTRL + F | Find |
| Ctrl + G | Go TO |
| Ctrl H | Replace |
| Ctrl I | Text Italic |
| Ctrl J | Justify Text |
| Ctrl K | Insert Hyperlink |
| Ctrl L | Left align |

| Keys | Function |
|---|---|
| Ctrl N | New |
| Ctrl O | Open |
| Ctrl P | Print |
| Ctrl R | Right align |
| Ctrl S | Save |
| Ctrl U | Underline |
| Ctrl V | Paste |
| Ctrl W | Close |
| Ctrl X | Cut |
| Ctrl Y | Redo |
| Ctrl Z | Undo |

# ക്ലാസ്സ്റൂം തമാശകൾ

ടീച്ചർ കുട്ടിയോട്:

നീ അച്ഛനേയും അമ്മയേയും ഡാഡീന്നും മമ്മീന്നുമാണോ വിളിക്കുന്നത്

കുട്ടി : ഞാൻ രണ്ടുപേരെയും ഡാഡീന്നാ വിളിക്കുന്നത്

ടീച്ചർ : അതെങ്ങനെ

കുട്ടി : അച്ഛനെ ഡാ എന്നും അമ്മയെ ഡീ എന്നും






Deskt

G H S JAWAHARCOLONY

# LOGON

Digital Magazine

Username: